

അരുമയുള്ളേശുവേ കുരിശിൽ മരിച്ചെൻ
ജീവനെ വീണ്ട രക്ഷിതാവേ
സകലവും മറന്നു ഞാൻ സകലവും വെടിഞ്ഞു
ഞാൻ ദുർഘടമലകൾ കടന്നു വരുന്നേ

വീടും മറന്നു ഞാൻ നാടും മറന്നു ഞാൻ
ഉടയവനെ നിന്റെ തിരുമുഖം കാണ്മാൻ
അടിയനെ വഴിയിൽ പലവിധയാപത്തിൻ
നടുവിൽ നീ നടത്തിപ്പരിപാലിച്ചു

അപ്പനെക്കാളുമെന്റമ്മയെക്കാളും
ഓമനയുള്ളെൻ കക്ഷിതാവേ
സകലവും മറന്നു ഞാൻ സകലവും വെടിഞ്ഞു
ഞാൻ - അരുമയുള്ളേശുവേ നിന്നേ മതിയേ

സ്വർഗമല്ലെനിക്കൊരു വാഴ്ചയുമല്ലെ-
ന്റരുമയുള്ളേശുവിൻ വാത്സല്യം മതിയേ
ജീവനെക്കാളെനിക്കേതിനെക്കാളും
കാരുണ്യവാനേ നിൻ വാത്സല്യം മതിയേ

അരമയുള്ളേശുവേ നിന്നുടെ പേർക്കായി
തീയുടെ നടുവിൽ ചൂടു ഞാൻ സഹിക്കാം
കാരുണ്യവാനേ നിൻ നാമമഹിമയ്ക്കായി



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



# പുറംകടലിൽ ഞാൻ അലഞ്ഞു വസിക്കാം

കീറിയ വസ്ത്രവും നാറുന്ന ദേഹവും
പൊഴിയുന്ന കഷണവും എന്നുടെ പ്രിയനെ
ലാസറെപ്പോലെനിക്കിദ്ധരയേകിലും
അരുമയുള്ളേശുവേ നിന്നെ മതിയേ

വാളിൽ മരിക്കിലും പഞ്ഞത്താൽ ചാകിലും
സിംഹങ്ങൾ ചീന്തി കഴുകന്മാർ പറിക്കിലും
രക്ഷകനേശുവേ കാരുണ്യവാനേ
നിശ്ചയമായനിക്കവിടുത്തേ മതിയേ

വീട്ടിൽ മരിക്കയോ കാട്ടിൽ പോയി ചാകയോ
റോമയിൽ പോകയോ തടവിൽ ഞാനാകയോ
അടികളും ഇടികളും പഴികളും ദുഷികളും
അരുമയുള്ളേശുവിൻ പേരിൽ ഞാൻ സഹിക്കാം

പോകുന്നു ഞാനെന്റെ പ്രേമസഖീ തന്റെ
മാർവിൽ വസിച്ചെന്റെ വീടൊന്നു കാണാൻ
സകലവും മറന്നു ഞാൻ സകലവും വെടിഞ്ഞു
ഞാൻ- അരുമയുള്ളേശുവേ നിന്നേ മതിയേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me